(സി) യു.ജി.സി. ഓപ്റ്റ് ചെയ്തവരുടെ മുൻകാല സർവ്വീസിന് വെയിറ്റേജ് നൽകാത്തതിനാൽ അവരുടെ പ്രതിമാസ ശമ്പളത്തിൽ ജൂനിയറിനേക്കാൾ വളരെ അധികം കുറവുണ്ടാകുന്നുവെന്ന് കാണിച്ചും ആയതു പരിഹരിക്കണമെന്നപേക്ഷിച്ചും സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നൽകുന്നില്ല.

(ബി) സ്റ്റേറ്റ് സ്കീമും, യു.ജി.സി സ്കീമും താരതമ്യപ്പെടുത്തുവാൻ യു.ജി.സി. സ്കീമിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ മുൻകാല സർവ്വീസിന് (സ്റ്റേറ്റ് സർവ്വീസ്) വെയിറ്റേജ് നൽകുവാൻ കഴിയില്ല.

(സി) ഉണ്ട്.

(ഡി) അസിസ്റ്റന്റ് ലൈബ്രേറിയൻമാരെ യു.ജി.സി. സ്കീമുകളിൽ ഉൾപ്പെടുത്തിയ തീയതി മുതൽ സ്റ്റേറ്റ് ഡി.എ.യുടെയും കേന്ദ്ര ഡി.എ. യുടേയും അടിസ്ഥാനത്തിൽ പരിശോധിച്ച് ശമ്പളം നിശ്ചയിക്കാൻ കേരള സർവ്വകലാശാല രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല**

232 (1316) <u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള എഞ്ചിനീയറിംഗ് കോളേജുകൾ എ.ഐ.സി.ടി.ഇ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന പരിശോധന ശരിയായ രീതിയിൽ നടത്താതെയാണ് കേരള ശാസ്ത്ര സാങ്കേതിക സർവകലാശാല ഇവയ്ക്ക് അഫിലിയേഷൻ നൽകുന്നതും പുതുക്കി നൽകുന്നതുമെന്ന പരാതിയെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വകലാശാലയിൽ മറ്റ് സർവ്വകലാശാലകളുടേതിൽനിന്ന് വ്യത്യസ്ത മാതൃകയിൽ വിവിധ ഉന്നത തസ്തികകൾ സൃഷ്ടിച്ചിരിക്കുന്നു എന്ന പരാതിയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമനങ്ങൾ നടത്തുന്നത് വ്യവസ്ഥാപിത രീതിയിലല്ലെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയിൽനിന്ന് വിവരം തേടിയിട്ടുണ്ടോ; ഇതേ കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) എ.ഐ.സി.ടി.ഇ നിബന്ധന പാലിക്കണമെന്ന കർശന നിർദ്ദേശത്തോടെയാണ് കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അഫിലിയേഷൻ നൽകുന്നത്. പ്രസ്തുത നിബന്ധനകൾ പാലിക്കാത്ത സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ അംഗീകാരം റദ്ദാക്കുന്നതിനുള്ള നടപടികൾ സാങ്കേതിക സർവ്വകലാശാല സ്വീകരിക്കാറുണ്ട്.

(ബി) ജി.ഒ.(എംഎസ്) നമ്പർ 1/2016/ഉ.വി.വ. തീയതി 1-1-2016-ലെ ഉത്തരവ് പ്രകാരമാണ് പ്രസ്തുത സർവ്വകലാശാലയിൽ വിവിധ തസ്തികകൾ സൃഷ്ടിക്കപ്പെട്ടത്. ആയതുപ്രകാരം മറ്റ് സർവ്വകലാശാലയിൽനിന്നും വ്യത്യസ്തമായി ഈ സർവ്വകലാശാലയിൽ സീനിയർ ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ/അഫിലിയേഷൻ), ഡയറക്ടർ (ഫിനാൻസ്), ഡയറക്ടർ (അക്കാദമിക്), ഡയറക്ടർ (റിസർച്ച്), ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് മുതലായ തസ്തികകളാണുള്ളത്.

(സി) നിയമനങ്ങൾ നടത്തുന്നത് വ്യവസ്ഥാപിത രീതിയിൽ അല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ബിരുദ ബിരുദാനന്തര സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം**

233 (1317) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിരുദ ബിരുദാനന്തര കോഴ്സുകൾ പസ്സാകുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ യോഗ്യതാ സർട്ടിഫിക്കറ്റ് നൽകണമെന്നുള്ള വ്യവസ്ഥ നിലവിലുണ്ടോ; നിലവിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് എത്രദിവസം കാലദൈർഘ്യം നേരിടുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് മുന്നോടിയായി സർവ്വകലാശാലകളിൽ നിന്ന് ഇഷ്യു ചെയ്യപ്പെടുന്ന പ്രൊവിഷണൽ സർട്ടിഫിക്കറ്റുകളുടെ കാലാവധി എത്രയെന്നും, ഇപ്രകാരം ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ കേന്ദ്ര-സംസ്ഥാന സർക്കാർ സർവ്വീസുകളിൽ പ്രവേശനം നേടുന്നതിന് സ്വീകാര്യമാണോയെന്നും വിശദമാക്കുമോ;